പത്രക്കുറിപ്പ്
5-2-2017

# 45 ദിവസം കൊണ്ട് 48000 രൂപ വരുമാനം: കുടുംബശ്രീയുടെ കോഴിക്കൃഷിയിലൂടെ മികച്ച വരുമാനം നേടി സംരംഭകർ

തിരുവനന്തപുരം: കേരള ചിക്കൻ പദ്ധതിയിലെ കുടുംബശ്രീ വനിതാ സംരംഭകർക്ക് കോഴിക്കൃഷിയിലൂടെ മികച്ച വരുമാനം. കെപ്കോ മൃഗസംരക്ഷണ വകുപ്പ് എന്നിവയുമായി സഹകരിച്ചുകൊണ്ട് സംസ്ഥാനതലത്തിൽ കുടുംബശ്രീ നടപ്പാക്കുന്ന പദ്ധതിയാണിത്. പദ്ധതി പ്രകാരം കെപ്കോയിൽ നിന്നും ആയിരം കോഴിക്കുഞ്ഞുങ്ങളെ വീതം വാങ്ങി വളർത്തി നാൽപ്പത്തിയഞ്ച് ദിവസം കഴിഞ്ഞ് തിരികെ നൽകിയതു വഴി തിരുവനനന്തപുരം ജില്ലയിലെ തന്നെ രണ്ടു സംരംഭകർ നേടിയത് 48000 രൂപയാണ്.

പദ്ധതി വിജയിക്കുമോ എന്ന ആശങ്കയ്ക്കുള്ള മറുപടിയാണ് നെടുമങ്ങാട് നഗരസഭയിലെ വേങ്ങോട് ജെ.എസ്പൗൾട്രി ഫാമിന്റെ ഉടമയായ സുജിത കുമാരി, വേങ്ങോട് എ.ജി പൗൾട്രി ഫാം ഉടമയായ അനുര ജോർജ്ജ് എന്നീ വനിതാ സംരംഭകരുടെ വിജയം. പദ്ധതി പ്രകാരം കോഴിക്കുഞ്ഞ് ഒന്നിന് 40 രൂപയ്ക്കാണ് കെപ്കോയിൽ നിന്നും കർഷകർക്ക് നൽകുന്നത്. ഇതു പ്രകാരം ആയിരം കോഴിക്കുഞ്ഞുങ്ങൾക്ക് 40,000 രൂപയാണ് സംരംഭകർ നൽകേണ്ടത്. 40 മുതൽ 45 ദിവസം വരെ പ്രായമായ കോഴിക്കുഞ്ഞുങ്ങളെ തിരിച്ചു കെപ്കോ കർഷകരിൽ നിന്നു വാങ്ങും. വിൽക്കാറാകുമ്പോൾ ഒരു കോഴിക്ക് ശരാശരി രണ്ടേകാൽ കിലോ തൂക്കമുണ്ടാകും. ഈ തൂക്കം ലഭിക്കാൻ മൂന്നര കിലോ തീറ്റയാണ് നൽകേണ്ടത്. ഇതിന് 98 രൂപയാണ് ചെലവ്. ഇതു പ്രകാരം ആയിരം കോഴിക്കുഞ്ഞുങ്ങൾക്ക് തീറ്റയിനത്തിൽ 98,000 രൂപയും കൂടാതെ വൈദ്യുതി, വെള്ളം, പ്രതിരോധ മരുന്ന് എന്നീയിനത്തിൽ രണ്ടായിരം രൂപയോളം ചെലവ് വരും. അങ്ങനെ വരുമ്പോൾ കോഴിയൊന്നിന് 140 രൂപ നിരക്കിൽ ആകെ 1,40,000 രൂപ മാത്രമാണ് കർഷകർക്ക് ഉൽപാദന ചെലവ് വരുന്നത്.

കെപ്കോ തിരികെ വാങ്ങുന്നത് കിലോ 85 രൂപയ്ക്കാണ്. ഇതു പ്രകാരം രണ്ടേകാൽ കിലോ തൂക്കമുള്ള കോഴിയൊന്നിന് 196 രൂപ നിരക്കിൽ കർഷകന് ലഭിക്കും. അതായത് ആയിരം കോഴിക്ക് 1,96,000 രൂപ. പദ്ധതി പ്രകാരം ജില്ലയിലെ യൂണിറ്റുകൾ കെപ്കോയ്ക്ക് തിരിച്ചു നൽകിയത് 973 കോഴികളെയാണ്. കിലോയ്ക്ക് 85 രൂപ നിരക്കിൽ ഇവർക്ക് ഈയിനത്തിൽ 1,88,521 രൂപ ലഭിച്ചു. ഇതിൽ നിന്നും ഉൽപാദന ചെലവായ 1.40,000 രൂപ കുറച്ച ശേഷം സംരംഭകർക്ക് 48,521 രൂപയാണ് വരുമാനം. അതായത് ഒരു ദിവസം ശരാശരി ആയിരം രൂപ. ഇങ്ങനെ ഒരു വർഷത്തിൽ ആറു പ്രാവശ്യം ഇറച്ചിക്കോഴികളെ വളർത്തിവിൽക്കുന്നതിലൂടെ മികച്ച വരുമാനവും ലാഭവും കർഷകർക്ക് ലഭിക്കും.

ആദ്യഘട്ടത്തിൽ നിലവിൽ കോഴിവളർത്തൽ യൂണിറ്റുകൾ നടത്തുന്നവർക്കും പദ്ധതി തുടങ്ങുന്നതിന് അനുയോജ്യമായ ഭൗതിക സാഹചര്യങ്ങൾ ഉള്ളതുമായ സംരംഭകരെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. ഇതുപ്രകാരം ഇക്കഴിഞ്ഞ ഡിസംബറിൽ ആരംഭിച്ച പദ്ധതിയിൽ 271 യൂണിറ്റുകൾ സജീവമായി കഴിഞ്ഞു. ഈ യൂണിറ്റുകൾക്ക് പദ്ധതി പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി ഒരു ലക്ഷം രൂപ വീതം നാലു ശതമാനം പലിശ നിരക്കിൽ കമ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ടായി കുടുംബശ്രീ നൽകും. ഇത് ഒരു വർഷത്തിനുള്ളിൽ തിരിച്ചടച്ചാൽ മതിയാകും. സംസ്ഥാനത്തെ ഇരുനൂറോളം കോഴിവളർത്തൽ യൂണിറ്റുകൾക്ക് അടുത്ത മാസം അതത് കുടുംബശ്രീ സി.ഡി.എസുകൾ വഴി കമ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കൂടാതെ പുതുതായി തുടങ്ങുന്ന കോഴിവളർത്തൽ യൂണിറ്റുകൾക്ക് അമ്പതിനായിരം രൂപ സബ്സിഡി ഇനത്തിലും നൽകും.

ഇതര സംസ്ഥാനത്തു നിന്നെത്തുന്ന ഇറച്ചിക്കൊഴിയുടെ ഉപയോഗം പൂർണമായും കുറച്ച് ആഭ്യന്തര വിപണിയുടെ ആവശ്യമനുസരിച്ച് ഗുണനിലവാരമുള്ള ചിക്കൻ ഉൽപാദിപ്പിക്കുക എന്നതാണ് പദ്ധതി വഴി ലക്ഷ്യമിടുന്നത്. ഇതോടൊപ്പം അയൽക്കൂട്ട വനിതകൾക്ക് മികച്ച വരുമാനം ഉറപ്പാക്കുന്ന തൊഴിലവസരം ലഭ്യമാക്കുക എന്നതും ലക്ഷ്യമാണ്. കേരളത്തിൽ ഇറച്ചിക്കോഴിയുടെ ഉപഭോഗം കണക്കിലെടുത്താൽ കോഴിക്കൃഷിക്ക് ഏറെ സാധ്യതകളുണ്ട്. അതുകൊണ്ടുതന്നെ ഈ മേഖലയിലെ സംരംഭ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി വ്യാവസായികാടിസ്ഥാനത്തിൽ മുന്നേറാനാണ് കുടുംബശ്രീയുടെ ശ്രമം.

സംസ്ഥാനത്ത് പഞ്ചായത്തുകളിൽ കുടുംബശ്രീ മുഖേന ആയിരം ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുമെന്ന ഇത്തവണത്തെ ബജറ്റിലെ പ്രഖ്യാപനവും പദ്ധതിയുടെ വിജയത്തിന് സഹായകരമാകും. പദ്ധതിയിൽ അംഗങ്ങളാകുന്ന യൂണിറ്റുകൾക്ക് സംരംഭ മികവിനും വിജയകരമായ രീതിയിലുള്ള നടത്തിപ്പിനും

ഈ മേഖലയിൽ ഉന്നതനിലവാരമുള്ള ശാസ്ത്രീയ പരിശീലനമടക്കം കുടുംബശ്രീ നൽകും. ഇതുവഴി കൂടുതൽ അയൽക്കൂട്ട വനിതകൾ ഈ മേഖലയിലേക്കു കടന്നു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. മൃഗസംരക്ഷണ വകുപ്പുമായി ചേർന്നു കൊണ്ട് ഇടനിലക്കാരെ പൂർണമായും ഒഴിവാക്കി ഉൽപാദകർക്കും ഉപഭോക്താക്കൾക്കും ഗുണകരമായ രീതിയിൽ കേരള ചിക്കന്റെ മാർക്കറ്റിംഗും ബ്രാൻഡിങ്ങും ഏർപ്പെടുത്തും. ഇറച്ചിക്കോഴി വളർത്തൽ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ യൂണിറ്റുകൾക്ക് ആവശ്യമായ കോഴിത്തീറ്റ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണനയിലാണ്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

**മാതൃക**

**1. യൂണിറ്റിന്റെ പേര്**
ജെ.എസ്.പൗൾട്രി ഫാം
2. ഒരു കോഴിക്കുഞ്ഞിന്റെ വില -40 രൂപ
3. കെപ്കോയിൽ നിന്നും വാങ്ങിയ കോഴിക്കുഞ്ഞുങ്ങളുടെ എണ്ണവും
ആയിനത്തിൽ ചെലവായ തുകയും- 1000 എണ്ണം
1000 x 40 = 40,0 00 രൂപ
4. ഒരു കോഴിക്കുഞ്ഞിന് 45 ദിവസത്തേക്കു വേണ്ടി വരുന്ന
തീറ്റയുടെ അളവ്- 3.5 കിലോ

5. അനുബന്ധ ചെലവ് (വൈദ്യുതി, വെള്ളം, പ്രതിരോധമരുന്ന്
എന്നിവ ഉൾപ്പെടെ) 2000 രൂപ

ഒരു കോഴിയുടെ ഉൽപാദന ചെലവ് 40 + 98+2 = 140 രൂപ
ആയിരം കോഴിയുടെ ഉൽപാദന ചെലവ് 1,40,000 രൂപ

7. കെപ്കോയ്ക്ക് യൂണിറ്റ് തിരിച്ചു നൽകിയ
കോഴികളുടെ എണ്ണം - 973

8. 973 കോഴികളുടെ ആകെ തൂക്കം -
2217.9 കിലോ ഗ്രാം

6. വളർച്ചയെത്തിയ കോഴിയുടെ ശരാശരി തൂക്കം 2217.9/973= 2.279 കിലോ ഗ്രാം

9. വിറ്റ വില 2217.9 x 85 = 1,88,521 രൂപ
വരുമാനം---1,88,521 (വിറ്റ വില) -1,40,000 (ഉൽപാദന ചെലവ്) = **48,521 രൂപ**

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**